(ബി) വ്യവസായശാലകളുടെ സമീപത്ത് അനുവദിച്ചിട്ടുള്ള ഈ സ്റ്റേഷന്റെ പ്രാധാന്യം കണക്കിലെടുത്ത് അടിയന്തരമായി പ്രസ്തുത സ്ഥലം ഏറ്റെടുത്ത് ഫയർ സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറ്റം ചെയ്യുന്നതിന് എറണാകുളം ജില്ലാ കളക്ടർ നടപടി ആരംഭിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഫയർ സർവ്വീസിൽ പുതിയ ഡിവിഷനുകൾ

60 (4674) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ ഡ്രൈവർമാരുടെ ഒഴിവ് നികത്തുന്നതിന് താൽക്കാലിക ഡ്രൈവർമാരെ നിയമിക്കുന്നതിന് തീരുമാനം കൈക്കൊള്ളുമോ ;

(ബി) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ പുതിയ ഡിവിഷനുകൾ നിലവിൽ വരുന്നത് സംബന്ധിച്ച് നടപടികൾ ആയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണ് പുതിയ ഡിവിഷനുകൾ തുടങ്ങാൻ ആലോചിക്കുന്നത് ;

(ഡി) പുതിയ ഡിവിഷനുകൾ നിലവിൽവരുന്ന ജില്ലകളിൽ നിലവിലുള്ള എ.ഡി.ഒ. മാരെ സീനിയർ എ.ഡി.ഒ മാരായി പ്രൊമോട്ട് ചെയ്യുമ്പോൾ ടി ജില്ലകളിൽ എ.ഡി.ഒ പോസ്റ്റ് നഷ്ടപ്പെടുമോ ?

ഉത്തരം

(എ) റിട്ടയർ ചെയ്ത ഫയർമാൻ, ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർമാരെ ദിവസ വേതനത്തിൽ ഡ്രൈവർമാരായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപടികൾ പൂർത്തിയായിവരുന്നു.

(സി) കോട്ടയം, പാലക്കാട്.

(ഡി) എ.ഡി.ഒ. മാരെ സീനിയർ എ.ഡി.ഒ. മാരായി പ്രൊമോട്ട് ചെയ്യുവാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly